**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ(എ&റ്റി)യുടെ നടപടി ക്രമം**

വിഷയം:-ആ.വ.ഡ- ജീവനക്കാര്യം- ഫാർമസിസ്റ്റ് ഗ്രേഡ്. I തസ്തികയിലെ സ്ഥലം മാറ്റം പരിഷ്കരിച്ച് ഉത്തരവാകുന്നു.

പരാമർശം:-1) ഉത്തരവ് നം.ഇ.ഇ 4-66780/2020/ആ.വ.ഡ തീയതി 28.1.2021.

2) എ 7/10415/2020/ജി.മെ.ആ കൊല്ലം തീയതി 1.2.21.

3) എ 2-1956/2021/ജി.മെ.ആ കണ്ണൂർ തീയതി 30.1.2021

4) എ 5/1902/2021/ജി.മെ.ആ തൃശ്ശൂർ തീയതി 1.2.2021

ഉത്തരവ് നം.ഇ.ഇ 4-66780/2020/ആ.വ.ഡ തീയതി 1.2.2021

മേൽ പരാമർശം (1) പ്രകാരം ആരോഗ്യവകുപ്പിലെ ഫാർമസിസ്റ്റ് ഗ്രേഡ്.I തസ്തികയിലെ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ കൊല്ലം ഇടമുളയ്ക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് .I ആയ ശ്രീ.അനൂപ്.എ.പി, പരാമർശം (1) ഉത്തരവിലെ Annexure (1) ൽ Sl.No.53 ആയും Annexure(2) ൽ Sl.No.14 ആയും ഉൾപ്പെട്ടിട്ടുണ്ട്. ടിയാൻ പൊതുസ്ഥലംമാറ്റത്തിന് മുൻപ് തന്നെ പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയിരുന്നു. ഇത് പരിഗണിച്ച് Annexure(1) പ്രകാരമുള്ള ടിയാന്റെ സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കിയും Annexure(2) Sl.No.14 പ്രകാരം ടിയാനെ പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിയും ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ Annexure(1)ൽ Sl.No.(61) ആയി ഉൾപ്പെട്ട ശ്രീമതി.ശിവറാണി.വി.യുടെ സ്ഥാപനം നിലവിൽ പുനലൂർ താലൂക്കാസ്ഥാന ആശുപത്രിയാണെന്ന് കൊല്ലം ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചിട്ടുണ്ട്. Annexure(2)ൽ Sl.No.(91)ആയി ഉൾപ്പെട്ട മലപ്പുറം ജില്ലയിലേക്ക് സ്ഥലം മാറ്റപ്പെട്ട ശ്രീമതി.ജീജമോൾ.പി.പി.വയനാട് ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. വയനാട് ജില്ലയിലേക്ക് മറ്റ് അപേക്ഷകൾ ഇല്ലാത്തതിനാലും ടി ജില്ലയിൽ ഒഴിവ് നിലവിൽ ഉള്ളതിനാലും ടിയാരിയെ തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രത്തിൽ നിന്നും വയനാട് ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.പരാമർശം (1) ലെ ഉത്തരവ് താഴെപ്പറയും പ്രകാരമുള്ള ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

| ക്രമ. നം | പൊതുസ്ഥലംമാറ്റ പട്ടികയിലെ Sl.No. | പേര് | നിലവിലെ സ്ഥാപനം | സ്ഥലംമാറ്റപ്പെട്ട ജില്ല |
|---|---|---|---|---|
| 1 | Annexure(2) Sl.No.14 | അനൂപ്.എ.പി | പി.എച്ച്.സി ഇടമുളയ്ക്കൽ , കൊല്ലം | പത്തനംതിട്ട |
| 2 | Annexure(1) Sl.No.61 | ശിവറാണി.വി | താലൂക്ക് ആസ്ഥാന ആശുപത്രി, പുനലൂർ,കൊല്ലം | മലപ്പുറം |
| 3 | Annexure(2) Sl.No.91 | ജീജമോൾ.പി.പി | മാനസികാരോഗ്യകേന്ദ്രം, തൃശ്ശൂർ | വയനാട് |

കോഴിക്കോട് ജില്ലയിൽ റിട്ടർമെന്റ് മുഖാന്തിരം വന്ന ഫാർമസിസ്റ്റ് ഗ്രേഡ്.1 തസ്തികയിലെ ഒരു ഒഴിവിലേക്ക് ലഭിച്ച അപേക്ഷ പരിഗണിച്ച് താഴെപറയും പ്രകാരം സ്ഥലംമാറ്റം നടത്തി ഉത്തരവാകുന്നു.

| ക്രമ. നം | പേര് | നിലവിലെ സ്ഥാപനം | സ്ഥലംമാറ്റപ്പെട്ട ജില്ല |
|---|---|---|---|
| 1 | സജിത.കെ, ഫാർമസിസ്റ്റ് ഗ്രേഡ്.1 | പി.എച്ച്.സി എളയാവൂർ,കണ്ണൂർ | കോഴിക്കോട് |

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്/-

ഡോ.പ്രീത.പി.വി,

അഡീഷണൽ ഡയറക്ടർ (എ&റ്റി) i/c

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1) ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ആഫീസർമാർ(ആരോഗ്യം)
2) ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
3)ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ്സൈറ്റ്
4) ഫയൽ/ കരുതൽ ഫയൽ

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്